(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 65444 ലാന്റ് ട്രിബ്യൂണൽ കേസുകളിൽ തീരുമാനം ആയിട്ടുണ്ട്.

**69 (646) നദികളിൽനിന്നുമുള്ള മണൽവാരൽ**

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളിൽനിന്നുള്ള മണൽവാരൽ ഓരോ നദിയേയും എപ്രകാരം ബാധിക്കുന്നു എന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിൽ വെളിവായ വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ പഠനമൊന്നും നടത്താത്തപക്ഷം അതേപ്പറ്റി പഠനം നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിൽ, ഭാരതപ്പുഴയിലെ മണൽവാരൽ നദിയെ എപ്രകാരം ബാധിക്കുന്നുവെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. അതുപോലെ പെരിയാർ നദിയിലെ മണൽവാരൽ സംബന്ധമായ പ്രശ്നങ്ങളെപ്പറ്റിയും പഠനം നടത്തിയിട്ടുണ്ട്.

(ബി) അനിയന്ത്രിതമായ മണൽവാരൽമൂലം നദീവ്യവസ്ഥക്കും പ്രകൃതിക്കും ഭാവിയിൽ വരാവുന്ന ദൂഷ്യഫലങ്ങളും, പാർശ്വഫലങ്ങളും പഠനത്തിൽനിന്ന് വെളിവായി. ആയതിന്റെ വെളിച്ചത്തിൽ പഠനം നടത്തപ്പെട്ട നദികളുടെ സംരക്ഷണത്തിനുവേണ്ട കരുതൽ നടപടികൾ വിവരിച്ചുകൊണ്ട് പഠന കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിലെ മണലെടുക്കുന്നത് സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ പ്രകാരം മണലെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാ കളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്ന് അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുണ്ടായി.

(സി) ഉദിക്കുന്നില്ല.

**70 (647) തൃശ്ശൂർ ജില്ലയിൽനിന്ന് മണലെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly